# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജനുവരി 21, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ക്രമപ്രശ്നം

സ്പീക്കറെ നീക്കം ചെയ്യണമെന്ന പ്രമേയം സംബന്ധിച്ച്

ശ്രീ. എസ്. ശർമ്മ: ഭരണഘടനയുടെ അനുച്ഛേദം 179 (സി) പ്രകാരവും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ അനുസരിച്ചും അനുവദനീയമായ ഒരു പ്രമേയമായി ഇതിനെ കണക്കാക്കാൻ സാധിക്കില്ല. ചട്ടവിരുദ്ധമായ പരാമർശങ്ങളാണ് പ്രമേയ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എൻ.ഐ.എ. സംശയിക്കുന്ന കുറ്റവാളികളുമായി സ്പീക്കർക്ക് വ്യക്തിപരമായ ബന്ധമുണ്ടെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. പത്രവാർത്തയെ അടിസ്ഥാനമാക്കിമാത്രം

ഉന്നയിക്കപ്പെട്ടിട്ടുള്ള പ്രമേയം നിലനിൽക്കുന്നതല്ല. എൻ.ഐ.എ. കുറ്റക്കാരെന്ന് സംശയിക്കുന്നവരുമായി സ്പീക്കർക്ക് വ്യക്തിപരമായി ബന്ധമുണ്ടെന്ന ആരോപണത്തിന് തെളിവ് ലഭിച്ചിട്ടില്ല. കസ്റ്റംസ് ചോദ്യം ചെയ്യാൻ പോകുന്നുവെന്ന അഭ്യൂഹങ്ങളുടെ അടിസ്ഥാനത്തിൽ സ്പീക്കർക്കെതിരെ പ്രമേയം അവതരിപ്പിക്കാൻ കഴിയില്ല. സ്പീക്കർ പദവിയെ അധിക്ഷേപിക്കാനുള്ള നീക്കം അപലപനീയമാണ്. ജനാധിപത്യത്തിൽ സഭയ്ക്കും സ്പീക്കർക്കും കൽപ്പിച്ച് നൽകിയിട്ടുള്ള പവിത്രത തകർക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള പ്രമേയം അനുവദിക്കാൻ പാടില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: ശ്രീ. എം. ഉമ്മർ യഥാസമയം നോട്ടീസ് കൊടുക്കുകയും ബി.എ.സി.-യിൽ അംഗീകരിക്കുകയും ചെയ്തതിനുശേഷം തടസ്സവാദം ഉന്നയിക്കുന്നത് ശരിയായ നടപടിയല്ല.

**റൂളിംഗ്**

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സ്പീക്കറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യണമെന്ന പ്രമേയത്തിന്മേൽ അതിന്റെ സാങ്കേതികത്വങ്ങളിലേയ്ക്ക് കടക്കാതെ അനുമതി നൽകുന്നു.

## II. സ്പീക്കറെ നീക്കം ചെയ്യണമെന്ന പ്രമേയം

ഭരണഘടനയുടെ അനുച്ഛേദം 179(സി) അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി പ്രമേയം

ശ്രീ. എം. ഉമ്മർ: സ്പീക്കറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതിനായി ഭരണഘടനയുടെ 179-ാം അനുച്ഛേദം (സി) ഖണ്ഡം പ്രകാരവും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 65-ാം ചട്ടമനുസരിച്ചും 2021 ജനുവരി 4-ാം തീയതി നോട്ടീസ് നൽകിയ പ്രമേയത്തിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

"തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെ ഡിപ്ലോമാറ്റിക് ബാഗേജിൽ സ്വർണ്ണം കടത്തിയെന്ന അതീവഗുരുതരവും രാജ്യദ്രോഹപരവുമായ കേസിലെ പ്രതികളായി എൻ.ഐ.എ. സംശയിക്കുന്ന കുറ്റവാളികളുമായി കേരള നിയമസഭാ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണനുള്ള വ്യക്തിപരമായ ബന്ധവും സംശയകരമായ അടുപ്പവും, സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രതിയുടെ വർക്ക്ഷോപ്പിന്റെ ഉദ്ഘാടനത്തിലും അതുമായി ബന്ധപ്പെട്ട ചടങ്ങുകളിലും നിയമസഭാ സ്പീക്കറുടെ സാന്നിദ്ധ്യവും, സഭയ്ക്ക് അപകീർത്തികരവും പവിത്രമായ നിയമസഭയുടെ അന്തസ്സിനും ഔന്നിത്യത്തിനും മാന്യതയ്ക്കും നിരക്കാത്തതുമാണ്.

ഡോളർ കടത്ത് കേസ്സിൽ സ്പീക്കറെ കസ്റ്റംസ് ചോദ്യം ചെയ്യാൻ പോകുന്നുവെന്ന വാർത്ത ഞെട്ടലോടെയാണ് കേരളസമൂഹം കേട്ടത്. നിയമസഭയിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ, ഇ-നിയമസഭ, സഭാ ടി.വി, ഫെസ്റ്റിവൽ ഓൺ ഡെമോക്രസി തുടങ്ങിയ പരിപാടികളിലെ ധൂർത്തും അഴിമതിയും ഇന്ന് ചർച്ചാ വിഷയമാണ്. മുമ്പ് മറ്റൊരു സ്പീക്കർക്കുമെതിരെ ഇത്തരം ഗുരുതരമായ ആരോപണങ്ങൾ ഉയർന്നുവന്നിട്ടില്ല. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയുടെ അന്തസ്സും യശസ്സും ഉയർത്തിപ്പിടിക്കുന്നതിനും അതിന്റെ ഔന്നിത്യം കാത്തുസൂക്ഷിക്കുന്നതിനും ബാദ്ധ്യസ്ഥനായ സ്പീക്കർ, അദ്ദേഹത്തിന്റെ പദവിയുടെ മഹത്വം കാത്തുസൂക്ഷിക്കുന്നതിൽ തീർത്തും പരാജയപ്പെട്ടതിനാൽ ശ്രീ. പി. ശ്രീരാമകൃഷ്ണനെ കേരള നിയമസഭാ സ്പീക്കർ സ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു."

ഡോ. എം. കെ. മുനീർ: പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയാവതരണത്തിന് അനുവാദം നൽകണമെന്നതിനെ അനുകൂലിക്കുന്ന അംഗങ്ങൾ അവരവരുടെ സ്ഥാനങ്ങളിൽ എഴുന്നേറ്റ് നിൽക്കേണ്ടതാണ്.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സ്ഥാനങ്ങളിൽ എഴുന്നേറ്റുനിന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഇരുപതിൽ കുറയാത്ത അംഗങ്ങൾ പ്രമേയാവതരണത്തെ അനുകൂലിക്കുന്നതിനാൽ പ്രമേയം അവതരിപ്പിക്കുന്നതിന് അനുവാദം നൽകിയിരിക്കുന്നു.

ശ്രീ. എം. ഉമ്മർ: തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെ ഡിപ്ലോമാറ്റിക് ബാഗേജിൽ സ്വർണ്ണം കടത്തിയെന്ന അതീവഗുരുതരവും രാജ്യദ്രോഹപരവുമായ കേസിലെ പ്രതികളായി എൻ.ഐ.എ. സംശയിക്കുന്ന കുറ്റവാളികളുമായി ബഹുമാനപ്പെട്ട സ്പീക്കർക്കുള്ള വ്യക്തിപരമായ ബന്ധവും സംശയകരമായ അടുപ്പവും സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രതിയുടെ വർക്ക്ഷോപ്പിന്റെ ഉദ്ഘാടനത്തിനും അതുമായി ബന്ധപ്പെട്ട ചടങ്ങുകളിലുമുള്ള സ്പീക്കറുടെ സാന്നിദ്ധ്യവും സഭയ്ക്ക് അപകീർത്തികരവും പവിത്രമായ നിയമസഭയുടെ അന്തസ്സിനും ഔന്നിത്യത്തിനും മാന്യതയ്ക്കും നിരക്കാത്തതുമാണ്. സ്വർണ്ണക്കടത്ത് കേസിലെ പ്രതികളുമായി കുടുംബപരമായി ബന്ധമുണ്ടെന്ന് സ്പീക്കർ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി അദ്ദേഹത്തിന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയെ കസ്റ്റംസ് ചോദ്യം ചെയ്യുകയുണ്ടായി. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ

നിയമസഭയിലെ നിർമ്മാണ പ്രവൃത്തികൾക്കായി 100 കോടിയിൽപ്പരം രൂപയാണ് ചെലവഴിച്ചത്. ശങ്കരനാരായണൻ തമ്പി ലോഞ്ചിന്റെ നിർമ്മാണം, ഇ-നിയമസഭ തുടങ്ങിയ വർക്കുകളുടെ കരാറുകളും ടെണ്ടറുകളും പരിശോധിക്കാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയെ ഏൽപ്പിച്ചതും സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സമയത്ത് ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുടെ വിവിധ പരിപാടികൾക്കായി കോടിക്കണക്കിന് രൂപ ചെലവഴിച്ചതും ശരിയായ നടപടിയല്ല. സഭാസമ്മേളനം പിരിഞ്ഞതിനുശേഷം സ്പീക്കറെ കസ്റ്റംസ് ചോദ്യം ചെയ്യുമെന്ന പത്രവാർത്ത, നിയമസഭയുടെ അന്തസ്സും ആഭിജാത്യവും ജനാധിപത്യമൂല്യങ്ങളും തകർക്കുമെന്നുള്ളതുകൊണ്ടും സ്പീക്കർ പദവിയുടെ അന്തസ് കാത്തുസൂക്ഷിക്കാൻ ശ്രീ. പി. ശ്രീരാമകൃഷ്ണന് സാധിക്കാത്തതുകൊണ്ടുമാണ് അദ്ദേഹത്തെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കുന്നത്.

ശ്രീ. എസ്. ശർമ്മ: പ്രമേയത്തെ എതിർക്കുന്നു. മാധ്യമവാർത്തയുടെ അടിസ്ഥാനത്തിൽ സ്പീക്കറെ നീക്കം ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കുന്നത് സങ്കുചിത രാഷ്ട്രീയ താല്പര്യത്തിനുവേണ്ടിയാണ്. സംശയത്തിന്റെ നിഴൽപോലും അവശേഷിക്കരുതെന്ന് ബഹുമാനപ്പെട്ട

സ്പീക്കർക്ക് നിർബന്ധമുള്ളതുകൊണ്ടാണ് ഈ പ്രമേയത്തിന് അവതരണാനുമതി ലഭിച്ചത്. ശങ്കരനാരായണൻ തമ്പി ലോഞ്ചിന്റെ നവീകരണം, ഇ-നിയമസഭ, മ്യൂസിയം നവീകരണം, സഭാ ടി.വി. തുടങ്ങിയ സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് ഈ കാലയളവിൽ നടത്തിയിട്ടുള്ളത്. ഒരാൾക്കെതിരെ അവിശ്വാസപ്രമേയം കൊണ്ടുവരുമ്പോൾ അതിന് വ്യക്തമായ തെളിവ് കാണിക്കണം. നിയമസഭാ സമുച്ചയത്തിനകത്ത് ഹരിത പ്രോട്ടോകോൾ പ്രഖ്യാപിക്കുകയും ജൈവ കൃഷിയുടെ പ്രാധാന്യം ഹരിതക്ലബ്ബിലൂടെ നടപ്പാക്കുകയും ശക്ധർ ആന്റ് കൗൾ മാതൃകയിൽ നിയമസഭയ്ക്ക് സ്വന്തമായി ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും ട്രാൻസ്ജൻഡേഴ്സിന്റെ പ്രശ്നങ്ങൾ നിയമസഭാ സമിതിയുടെ പരിഗണനയിൽ കൊണ്ടുവരികയും സഭാ നടപടികൾ ഒ.ടി.ടി. പ്ലാറ്റ്ഫോമിലൂടെ പൊതുജനങ്ങളിലെത്തിക്കുകയുമുൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും സത്യസന്ധമായ രാഷ്ട്രീയ പ്രവർത്തനത്തിലൂടെ നേതൃനിരയിലെത്തുകയും ചെയ്ത സ്പീക്കറെ അവിശ്വസിക്കുന്ന നിലപാട് പ്രതിഷേധാർഹമാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: പ്രമേയത്തെ അനുകൂലിക്കുന്നു. സ്വർണ്ണക്കള്ളക്കടത്തുകേസിലെ കുറ്റവാളികളോടൊപ്പം സ്പീക്കറും അറിഞ്ഞോ അറിയാതെയോ പങ്കാളിത്തം നിർവ്വഹിച്ചിരിക്കുന്നുവെന്നത് ഗുരുതരമായ വിഷയമാണ്. നിരവധി വിദേശ യാത്രകളിൽ ഡോളർ കടത്തിയെന്ന ആരോപണത്തിന്മേൽ അദ്ദേഹത്തിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയെ കേന്ദ്ര ഏജൻസി ചോദ്യം ചെയ്തുകഴിഞ്ഞു. പാർലമെന്ററി ജനാധിപത്യത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കേണ്ട സ്പീക്കർ സ്വജനപക്ഷപാതവും ധൂർത്തും അഴിമതിയും ആർഭാടവും പിൻവാതിൽ നിയമനവും നടത്തി സ്പീക്കർ പദവിയെ കളങ്കപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്.

നിയമസഭാ മന്ദിരം പണികഴിപ്പിക്കുന്നതിന് ചെലവായതിനെക്കാൾ തുക അത് നവീകരിക്കാനായി ചെലവഴിച്ചിരിക്കുകയാണ്. പല വിഷയങ്ങളിലും പക്ഷപാതപരമായിട്ടാണ് സ്പീക്കർ പെരുമാറിയതെന്നുള്ളതിന് നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: പ്രമേയത്തെ എതിർക്കുന്നു. കൃത്യമായ തെളിവുകളോ നിരീക്ഷണമോ ഇല്ലാതെ കേന്ദ്ര ഏജൻസികൾ അന്വേഷിക്കുന്ന കേസുമായി ബന്ധപ്പെട്ട് ജയിലിൽ കഴിയുന്ന ഒരാളുടെ മൊഴിയുടെ

അടിസ്ഥാനത്തിലാണ് സ്പീക്കർക്കെതിരെ അവിശ്വാസം കൊണ്ടുവന്നിരിക്കുന്നത്. കേന്ദ്ര ഏജൻസികളെ ഉപയോഗിച്ച് കേരളത്തിലെ ഭരണനേതൃത്വത്തെ തകർക്കാനുള്ള കേന്ദ്രം ഭരിക്കുന്ന രാഷ്ട്രീയ കക്ഷിയുടെ ശ്രമത്തിനോട് പ്രതിപക്ഷവും കൂട്ടുനിൽക്കുകയാണ്. ഇ-നിയമസഭ, സഭാ ടി.വി. തുടങ്ങിയ നൂതനമായ ആശയങ്ങളിലൂടെ കേരള നിയമസഭയെ ജനങ്ങൾക്ക് കൂടുതലായി മനസ്സിലാക്കുന്നതിനും സഭയും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുന്നതിനും സാധിക്കും.

ശ്രീ. മോൻസ് ജോസഫ്: പ്രമേയത്തെ അനുകൂലിക്കുന്നു. നിയമസഭയുടെ അന്തസ്സും ഔന്നത്യവും കാത്തുസൂക്ഷിക്കാൻ ബാദ്ധ്യസ്ഥനായ സ്പീക്കർ, അതിൽ പരാജിതനായിരിക്കുന്നതിനാൽ തൽസ്ഥാനത്തുനിന്ന് സ്വയം ഒഴിവാകുന്നതാണ് അഭികാമ്യം. നിയമസഭാ സ്പീക്കർ സംശയത്തിനതീതനായിരിക്കണം. സ്വർണ്ണക്കള്ളക്കടത്ത്, ഡോളർകടത്ത് എന്നീ കേസുകളിലെ പ്രതികളുമായി ബന്ധമുണ്ടെന്ന ആക്ഷേപങ്ങൾക്ക് മറുപടി പറയാൻ അദ്ദേഹത്തിന് സാധിക്കാതെ വന്നുവെന്നത് ഈ ഘട്ടത്തിൽ പ്രസക്തമാണ്. നിയമസഭാ സമുച്ചയത്തിൽ നടന്ന വിവിധ നിർമ്മാണ

പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ഉയർന്നപ്പോൾ വസ്തുതകൾ വിശദീകരിക്കുന്നതിൽ സ്പീക്കർ പരാജയപ്പെട്ടു.

<u>ശ്രീമതി വീണാ ജോർജ്ജ്:</u> പ്രമേയത്തെ എതിർക്കുന്നു. കാര്യമായ തെളിവില്ലാതെ രാഷ്ട്രീയ ലാഭത്തിനുവേണ്ടി മഹത്തായ ഭരണഘടനാ പദവിയെ കളങ്കപ്പെടുത്തുന്ന പ്രമേയം അവതരിപ്പിച്ചത് നിർഭാഗ്യകരമാണ്. കേന്ദ്ര ഏജൻസികൾ ഇടതുപക്ഷ സർക്കാരിനെ അസ്ഥിരപ്പെടുത്തുന്നതിന് ബോധപൂർവ്വം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നിയമസഭയിൽ നടന്നുകൊണ്ടിരിക്കുന്ന പുരോഗമനപരമായ പല പ്രവർത്തനങ്ങൾക്കുമെതിരെ തെളിവുകൾ നിരത്താനാകാതെയാണ് പ്രതിപക്ഷം ആരോപണം ഉന്നയിക്കുന്നത്. സഭാ ടി.വി.-യുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് എം.എൽ.എ.-മാർ അംഗങ്ങളായ മോണിറ്ററിംഗ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും കൂടാതെ ആഡിറ്റിംഗിന് വിധേയവുമാണ്. ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയെ പ്രകീർത്തിച്ച പ്രതിപക്ഷ എം.എൽ.എ.-മാർ ഇപ്പോൾ അതിനെ മോശമായി ചിത്രീകരിക്കുന്ന നിലപാട് നിർഭാഗ്യകരമാണ്. കേന്ദ്ര അന്വേഷണ ഏജൻസികളുടെ പിന്തുണയോടെ സർക്കാരിനെ വിരട്ടാമെന്ന വ്യാമോഹമാണ് പ്രതിപക്ഷത്തിനുള്ളത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: പ്രമേയത്തെ അനുകൂലിക്കുന്നു. സഭാ ടി.വി.-യുമായി ബന്ധപ്പെട്ട് സ്ട്രീംലൈനിംഗിനും ഒ.ടി.ടി. പ്ലാറ്റ്ഫോമിനുമുള്ള കൺസൾട്ടൻസി സ്വകാര്യസ്ഥാപനത്തിന് നൽകിയതിലും ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ച് നവീകരണത്തിലും നടന്നിട്ടുള്ള അഴിമതി അന്വേഷണവിധേയമാക്കണം. സംസ്ഥാനം സാമ്പത്തികമാന്ദ്യം നേരിടുന്ന കാലഘട്ടത്തിൽ നിയമസഭാ മന്ദിരത്തിൽ ഇത്രയേറെ ആഡംബര പ്രവർത്തനങ്ങൾ നടത്തുന്നത് ഉചിതമാണോയെന്ന് ചിന്തിക്കണം. ഡോളർ കള്ളക്കടത്ത് കേസുമായി ബന്ധപ്പെട്ട് സ്പീക്കറും അദ്ദേഹത്തിന്റെ ഓഫീസ് വൃന്ദങ്ങളും സംശയത്തിന്റെ നിഴലിലായതിനാൽ അദ്ദേഹത്തിന് തൽസ്ഥാനത്ത് തുടരാൻ അർഹതയില്ല. നിയമസഭയുടെ സ്വതന്ത്ര നിലപാടുകളും ഔന്നത്യവും ഉയർത്തിപ്പിടിക്കുന്നതിൽ സ്പീക്കർ പരാജയപ്പെട്ടിരിക്കുകയാണ്.

<u>ശ്രീ. സി. കെ. നാണു</u>: പ്രമേയത്തെ എതിർക്കുന്നു. പ്രവർത്തനമികവ് പുലർത്തുന്ന ജനകീയ പ്രസ്ഥാനമായ യു.എൽ.സി.സി.എസ്.എൽ.-ന് എതിരെ ആക്ഷേപം ഉന്നയിക്കുന്നത് ഖേദകരമാണ്. സ്പീക്കർക്കെതിരെ പ്രതിപക്ഷം സ്വീകരിച്ച നിലപാട് സഭയുടെ അന്തസ്സിനെ പ്രതികൂലമായി ബാധിക്കും.

<u>ശ്രീ. ജെയിംസ് മാത്യു</u>: പ്രമേയത്തെ എതിർക്കുന്നു. കേന്ദ്ര അന്വേഷണ ഏജൻസികളും യു.ഡി.എഫ്-ഉം ചില മാധ്യമങ്ങളും ചേർന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ വേട്ടയാടുകയാണ്. അടിസ്ഥാനരഹിതമായ വസ്തുതകൾ ചൂണ്ടിക്കാട്ടി സ്പീക്കർക്കെതിരെ പ്രമേയം അവതരിപ്പിച്ചതിലൂടെ എൽ.ഡി.എഫ്. സർക്കാരിനുള്ള ജനപിന്തുണയും വിശ്വാസവും വർദ്ധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഭരണ-പ്രതിപക്ഷ അംഗങ്ങളുടെ കൂട്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് നിയമസഭയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടത്തിയിട്ടുള്ളത്. സംശുദ്ധ രാഷ്ട്രീയപ്രവർത്തനത്തിനുടമയായ സ്പീക്കറെ അപമാനിക്കുന്നതിൽ നിന്ന് പ്രതിപക്ഷം പിൻമാറണം.

<u>ശ്രീ. ഒ. രാജഗോപാൽ</u>: പ്രമേയത്തെ അനുകൂലിക്കുന്നു. പൊതുപ്രവർത്തന രംഗത്തെ സ്വാധീനങ്ങളേയും സമ്മർദ്ദങ്ങളേയും അതിജീവിച്ചുകൊണ്ട് സമൂഹത്തിനും സഭാംഗങ്ങൾക്കും മാതൃകയാകേണ്ട വ്യക്തിയാണ് നിയമസഭാ സ്പീക്കർ. സ്പീക്കർ സ്ഥാനത്തിരിക്കുന്ന വ്യക്തി കുറ്റാരോപിതനായി നിൽക്കുന്നതും അഴിമതിയാരോപണങ്ങളുടെ മുന്നിൽ തലകുനിച്ചുനിൽക്കേണ്ടി വരുന്നതും ഖേദകരമാണ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: പ്രമേയത്തെ എതിർക്കുന്നു. ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ സ്പീക്കർക്കെതിരെ ആരോപണം ഉന്നയിക്കുന്നതിൽനിന്ന് പ്രതിപക്ഷം പിൻമാറണം. മുൻ സ്പീക്കർമാരിൽനിന്ന് വ്യത്യസ്തനായി നിയമസഭാ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനുള്ള മാതൃകാപരമായ പ്രവർത്തനം നടത്തിയ വ്യക്തിയാണ് അദ്ദേഹം.

<u>ഡോ. എം. കെ. മുനീർ</u>: പ്രമേയത്തെ അനുകൂലിക്കുന്നു. സ്പീക്കർ പദവിയുടെ ഉത്കൃഷ്ടത കാത്തുസൂക്ഷിക്കുന്നതിൽ സ്പീക്കർ പരാജയപ്പെട്ടിരിക്കുകയാണ്. ശങ്കരനാരായണൻ തമ്പി ഹാളിന്റെ നവീകരണവും ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുടെ പേരിലുള്ള ധൂർത്തും ഒഴിവാക്കേണ്ടതായിരുന്നു. സ്പീക്കർക്കെതിരെ ഉയർന്ന ആരോപണങ്ങളും കസ്റ്റംസ് ചോദ്യം ചെയ്യുന്ന സാഹചര്യവും സഭയെ കളങ്കപ്പെടുത്തുമെന്നതിനാൽ തൽസ്ഥാനത്ത് നിന്ന് മാറിനിൽക്കാൻ തയ്യാറാകണം.

<u>ശ്രീ. എം. സ്വരാജ്</u>: പ്രമേയത്തെ എതിർക്കുന്നു. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ സ്പീക്കർക്കെതിരെ പ്രമേയം കൊണ്ടുവന്ന പ്രതിപക്ഷനിലപാട് പരിഹാസ്യമാണ്. ദുരാരോപണങ്ങൾക്കെതിരെ പദവിയുടെ ഔന്നത്യം മാനിച്ച് മറുപടി പറയാൻ സ്പീക്കർ തയ്യാറാകാത്തത്

പ്രതിപക്ഷം അവസരമാക്കുകയാണ്. ഇന്ത്യയിലെ ഏറ്റവും മികച്ച സ്പീക്കർക്കുള്ള അവാർഡ് വാങ്ങുകയും രാജ്യത്തിന് മുന്നിൽ ആദരവ് പിടിച്ചുപറ്റുന്ന സ്ഥാനത്തേയ്ക്ക് കേരള നിയമസഭയെ എത്തിക്കുകയും ചെയ്ത സ്പീക്കറെ ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റവിചാരണ ചെയ്യുന്നത് അപലപനീയമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ അനുകൂലിക്കുന്നു. ജനാധിപത്യത്തിലെ മഹത്തായ സ്ഥാനമാണ് സ്പീക്കർ പദവി. നിയമസഭയുടെ അന്തസ്സും അഭിമാനവും കാത്തുസൂക്ഷിക്കേണ്ട ബാദ്ധ്യത അദ്ദേഹത്തിനുണ്ട്. സജീവ രാഷ്ട്രീയ പ്രവർത്തകനെയാണ് സ്പീക്കറായി തെരഞ്ഞെടുക്കുന്നതെങ്കിലും ആ പദവി ലഭിച്ചുകഴിഞ്ഞാൽ നിഷ്പക്ഷനായി മാറണം. രാഷ്ട്രീയക്കൂറും പ്രതിബദ്ധതയും നിലനിർത്തി നിഷ്പക്ഷമായി പ്രവർത്തിക്കാൻ കഴിയുന്ന ജനാധിപത്യ സങ്കല്പമാണ് സ്പീക്കർ തകർത്തെറിഞ്ഞത്. ദേശവിരുദ്ധ പ്രവർത്തനങ്ങൾക്ക് കൂട്ടുനിന്നവരുമായുള്ള സ്പീക്കറുടെ ബന്ധം സംശയാസ്പദവും സഭയെ കളങ്കപ്പെടുത്തുന്നതുമാണ്. നിയമസഭാ മന്ദിരത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ, സഭാ ടി.വി., ഇ-നിയമസഭ, ഫെസ്റ്റിവൽ ഓൺ ഡെമോക്രസി തുടങ്ങിയവയുമായി ബന്ധപ്പെട്ട

ധൂർത്തിനെയും അഴിമതിയേയുമാണ് ഞങ്ങൾ എതിർക്കുന്നത്. സഭയിൽ തുല്യനീതി നടപ്പാക്കുന്നതിൽ സ്പീക്കർ പരാജയപ്പെട്ടിരിക്കുകയാണ്. സ്പീക്കർ പദവിയുടെ മഹനീയത കാത്തുസൂക്ഷിക്കുന്നതിൽ പരാജയപ്പെട്ട സ്പീക്കറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രതിപക്ഷത്തിന്റെ പാപ്പരത്തമാണ് ഈ പ്രമേയത്തിലൂടെ വ്യക്തമാകുന്നത്. സ്വർണ്ണക്കള്ളക്കടത്ത് കേസുമായി ബന്ധപ്പെട്ട് കോൺസുലേറ്റ് ജനറൽ ഓഫീസിൽ ഡോളർ അടക്കമുള്ള ബാഗ് കൈമാറി എന്നുള്ളതാണ് സ്പീക്കർക്കെതിരെയുള്ള ആരോപണം. മാധ്യമ വാർത്തകളുടെ ഭാഗമായാണ് ഇത്തരമൊരു പുകമറ സൃഷ്ടിച്ചിരിക്കുന്നത്. അന്വേഷണ ഏജൻസികളുടെ വഴിവിട്ട പ്രവർത്തനങ്ങളെ പ്രതിപക്ഷം ന്യായീകരിക്കുന്നത് ദൗർഭാഗ്യകരമാണ്. നിയമസഭയിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ, ഇ-നിയമസഭ, സഭാ ടി.വി, ഫെസ്റ്റിവൽ ഓൺ ഡെമോക്രസി തുടങ്ങിയവ മാതൃകാപരമാണ്.

മി. സ്പീക്കർ: വസ്തുതാവിരുദ്ധവും യുക്തിരഹിതവുമായ കാര്യങ്ങളാണ് പ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ളത്. നിയമസഭാ മ്യൂസിയത്തിൽ ഇ.എം.എസ് സ്മൃതിവിഭാഗം സജ്ജീകരിക്കാനായി 82 ലക്ഷം രൂപ കൈരളി ടി.വി. ലേഖകന്

നൽകിയെന്നും ഫെസ്റ്റിവൽ ഓൺ ഡെമോക്രസി സംഘടിപ്പിച്ച പൂനെ എം.ഐ.ടി.-ക്ക് 5 കോടി രൂപ നൽകിയെന്നുമുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. കേട്ടുകേൾവിയുടെയും ഊഹാപോഹങ്ങളുടെയും വില കുറഞ്ഞ അപവാദങ്ങളുടെയും പേരിൽ പ്രമേയം കൊണ്ടുവന്ന അപക്വമായ രീതി ജനാധിപത്യത്തെ ശുഷ്കമാക്കുകയും ദുർബലപ്പെടുത്തുകയും ചെയ്യും. എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടാണ് നിയമസഭയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്. ഗവൺമെന്റിനെതിരെ കാര്യമായ ആരോപണങ്ങളൊന്നും ഉന്നയിക്കാനില്ലാത്തതുകൊണ്ടാണ് സ്പീക്കർക്കെതിരെ പ്രമേയം കൊണ്ടുവന്നത്. മാറുന്ന കാലത്തിനനുസരിച്ച് പദ്ധതികളാവിഷ്കരിച്ചതും നിയമസഭയ്ക്ക് ഇന്ത്യയിലാദ്യമായി ബദൽ മാധ്യമം കൊണ്ടുവന്നതും നിയമനിർമ്മാണത്തിന് ജനകീയ പങ്കാളിത്തത്തോടെ തുടക്കം കുറിച്ചതും നിർമ്മിച്ച നിയമങ്ങളുടെ അനുഭവങ്ങളെയും പരിമിതികളെയും വിശകലനം ചെയ്യുന്ന ഇംപാക്ട് സ്റ്റഡിക്ക് തുടക്കം കുറിച്ചതും ശക്ധർ ആന്റ് കൗൾ മാതൃകയിൽ നിയമസഭയ്ക്കായി ഒരു ആധികാരിക ഗ്രന്ഥം തയ്യാറാക്കിയതും ഗ്രീൻ പ്രോട്ടോക്കോളിലൂടെ നിയമസഭാ സമുച്ചയത്തെ ജൈവ ജീവിതത്തിന്റെ ഭാഗമാക്കിയതും തെറ്റായ കാര്യമാണെങ്കിൽ അത് ഏറ്റെടുക്കാൻ തയ്യാറാണ്.

ഫെസ്റ്റിവൽ ഓൺ ഡെമോക്രസിയുമായി ബന്ധപ്പെട്ട് ദളിത് ആദിവാസി ന്യൂനപക്ഷ സമ്മേളനം, ദേശീയ വിദ്യാർത്ഥി പാർലമെന്റ് എന്നിവ സംഘടിപ്പിക്കുകയും വിവിധ സെഷനുകളിൽ യു.ഡി.എഫ്. നേതാക്കളുൾപ്പെടെ പങ്കെടുക്കുകയും ചെയ്തിരുന്നു. ഡിജിറ്റൽ അസംബ്ലിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിച്ചപ്പോൾത്തന്നെ വിവിധ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിക്കുകയും നടപടിക്രമങ്ങൾ പാലിക്കുകയും ചെയ്തിരുന്നു. പ്രതിപക്ഷാംഗങ്ങളുടെ മണ്ഡലങ്ങളിലെ നിരവധി പ്രവൃത്തികൾ ടെണ്ടർ വിളിക്കാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയെ ഏല്പിച്ചിട്ട് നിയമസഭയിലെ പ്രവൃത്തികൾ എല്പിച്ചതുമാത്രം തെറ്റാണെന്ന് പറയുന്നത് ശരിയല്ല. 40 വർഷമായി പൊതുരംഗത്ത് പ്രവർത്തിക്കുന്ന വ്യക്തിയെന്ന നിലയിൽ ചെയ്യാത്ത തെറ്റിന് തലകുനിക്കാൻ തയ്യാറല്ല. ഒരാളുടെ വ്യക്തിത്വം രൂപപ്പെടുന്നത് ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിലാണ്. അപവാദപ്രചരണങ്ങളുടെയും നുണ പ്രചരണങ്ങളുടെയും ബലത്തിൽ കെട്ടിപ്പൊക്കിയ ഈ പ്രമേയം പൂർണ്ണമായും നിരാകരിക്കണം.

(ബഹുമാനപ്പെട്ട സ്പീക്കറുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

പ്രമേയം സഭ നിരാകരിച്ചു.

## III അടിയന്തരപ്രമേയം

<u>സെമി ഹൈസ്പീഡ് പദ്ധതി</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> തിരുവനന്തപുരം-കാസർഗോഡ് റൂട്ടിൽ കെ-റെയിൽ പദ്ധതിയെന്ന പേരിൽ സെമി ഹൈസ്പീഡ് പദ്ധതി നടപ്പിലാക്കാൻ പിണറായി സർക്കാർ നടപടി സ്വീകരിച്ചതുമൂലം ജനങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങളും ആശങ്കകളും പാരിസ്ഥിതിക പ്രശ്നങ്ങളും കേന്ദ്ര സർക്കാരിന്റെ ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തുവാൻ ശ്രമങ്ങൾ നടത്താത്ത സ്ഥിതിവിശേഷവും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മോൻസ് ജോസഫ്, കെ. സി. ജോസഫ്, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൃഷിയിടങ്ങളുടെയും ജനവാസകേന്ദ്രങ്ങളുടെയും പ്രാധാന്യം പരിഗണിച്ചുകൊണ്ടാണ് കെ-റെയിൽ പദ്ധതി സർക്കാർ വിഭാവനം ചെയ്യുന്നത്. ഗ്രീൻഫീൽഡ് പ്രദേശങ്ങളിൽ കൃഷിയിടങ്ങൾക്ക് കോട്ടം വരുത്താതെ തൂണുകൾക്കുമുകളിൽ റെയിൽപ്പാളം നിർമ്മിച്ച് പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട പാത കടന്നുപോകുന്ന 11 ജില്ലകളിലെ ആരാധനാലയങ്ങളെയും പാടങ്ങളെയും കാവുകളെയും ബാധിക്കാത്ത രീതിയിലാണ് കെ-റെയിൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വീടുകളുൾപ്പെടെ 9314 കെട്ടിടങ്ങളെ മാത്രമാണ് ബാധിക്കുന്നത്, അവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതാണ്. ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. മുൻസർക്കാർ തുടങ്ങിവച്ച സബർബൻ റെയിൽ പദ്ധതി ഉപേക്ഷിച്ചിട്ടാണ് നിർദ്ദിഷ്ട പദ്ധതി ആരംഭിച്ചതെന്നും ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്താൻ ശ്രമിച്ചില്ലെന്ന ആക്ഷേപവും അടിസ്ഥാനരഹിതമാണ്. ഇന്ത്യയിലെ പ്രധാന പട്ടണങ്ങളെ തമ്മിൽ യോജിപ്പിക്കുന്നതാണ് ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി.

കേരളം വിഭാവനം ചെയ്ത തനത് പദ്ധതിയാണ് സെമി ഹൈസ്പീഡ് റെയിൽ. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന കമ്പനി മുഖാന്തരമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കുറഞ്ഞ പലിശയ്ക്ക് ലഭിക്കുന്ന വായ്പയാണ് ഈ പദ്ധതിക്കായി ചെലവഴിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ്: ഈ പാത കടന്നുപോകുന്ന പ്രദേശങ്ങളിലെ ജനങ്ങൾ ഇന്ന് ആശങ്കയിലാണ്. ജനങ്ങൾക്ക് ഉപദ്രവകരമാകുന്ന നിലയിൽ വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് പ്രദേശവാസികൾ പ്രക്ഷോഭത്തിലാണ്. കൃഷിയിടങ്ങളിലൂടെയും ഗ്രാമപ്രദേശങ്ങളിലൂടെയുമെല്ലാം ഈ റെയിൽ പാത കടന്നുപോകുമ്പോൾ ജനസാന്ദ്രതയേറിയ നമ്മുടെ സംസ്ഥാനത്ത് വലിയ ആഘാതങ്ങൾ സൃഷ്ടിക്കപ്പെടും. തിരൂർ മുതൽ തിരുവനന്തപുരംവരെ പുതിയൊരു റെയിൽവെ ലൈൻ നിർമ്മിക്കുന്നതിന്റെ അശാസ്ത്രീയത ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്. ദീർഘദൂര യാത്രക്കാർക്കുകൂടി പ്രയോജനകരമാകുന്ന ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്താമെന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ സാധ്യതകൾ

ആരായണം. നിരവധി കുടുംബങ്ങളുടെ കിടപ്പാടംപോലും നഷ്ടപ്പെടുത്തുന്ന കെ-റെയിൽ പദ്ധതി ഉപേക്ഷിച്ച് നിലവിലുള്ള റെയിൽവേ ലൈനുകളുടെ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകണം. വേണ്ടത്ര കൂടിയാലോചനകളില്ലാതെ തീരുമാനിച്ച അശാസ്ത്രീയമായ ഈ പദ്ധതി ഉപേക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും യാത്രാസമയം കുറയ്ക്കുന്നതിനും കെ-റെയിൽ പദ്ധതി അത്യാവശ്യമാണ്. കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ഹൈസ്പീഡ് റെയിൽ കോറിഡോർ സമീപഭാവിയിൽ പ്രാവർത്തികമാകില്ലെന്നുള്ളതിനാലാണ് ഇത്തരമൊരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളത്. നിലവിലെ റെയിൽപാതയ്ക്ക് സമാന്തരമായി പുതിയ പാത നിർമ്മിക്കാൻ തീരുമാനിച്ചെങ്കിലും തിരൂർ മുതൽ തിരുവനന്തപുരം വരെ അതിനുള്ള സാഹചര്യമില്ലാത്തതിനാലാണ് നിലവിലുള്ള റെയിൽപ്പാതയ്ക്ക് അകലെയല്ലാതെ പുതിയ പാത നിർമ്മിക്കാനും നെൽവയലുകളോട് ചേർന്നുവരുന്ന പ്രദേശങ്ങളിൽ തൂൺ സ്ഥാപിച്ച് റെയിൽ ഗതാഗതം

സാധ്യമാക്കാനും തീരുമാനിച്ചത്. പുതിയ റെയിൽപ്പാതയ്ക്കായി ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ ഉടമകളുടെ പുനരധിവാസവും അവരുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളും ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) ബാങ്കിംഗ് റെഗുലേഷൻ നിയമം

ശ്രീ. സജി ചെറിയാൻ: 25,000-ത്തോളം സഹകരണ സംഘങ്ങളും മൂന്ന് കോടിയിൽപ്പരം സഹകാരികളും ഒന്നരലക്ഷം കോടി രൂപയിലധികം നിക്ഷേപവും ഒരു ലക്ഷം കോടി രൂപയിലധികം വായ്പാബാക്കിയുമുള്ളതാണ് കേരളത്തിലെ സഹകരണ മേഖല. നികുതിയിളവ് അനുവദിക്കാത്തതും

ജി.എസ്.ടി. നടപ്പിലാക്കിയതും മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ ബ്രാഞ്ചുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതും സഹകരണ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. കാർഷിക മേഖലയ്ക്കാവശ്യമായ സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിലും ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുന്നതിലും വിദ്യാഭ്യാസം, ആതുരസേവനം എന്നീ മേഖലകളിൽ ഇടപെടൽ നടത്തുന്നതിനും സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ അനാവശ്യ ഇടപെടലുണ്ടാകാൻ പാടില്ല. സഹകരണമേഖലയെ ദോഷകരമായി ബാധിക്കുന്ന ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്മേലുള്ള ഭേദഗതി റദ്ദ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സഹകരണ തത്വങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകളുൾക്കൊള്ളുന്ന ബാങ്കിംഗ് റെഗുലേഷൻ നിയമം പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ, പ്രാഥമിക കാർഷിക ഗ്രാമ

വികസന ബാങ്കുകൾ കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ എന്നിവയുടെ പ്രവർത്തനത്തെ ബാധിക്കുന്നതാണ്. പ്രസ്തുത നിയമത്തിൽ സഹകരണ ബാങ്കുകളുടെ മാനേജ്മെന്റ്, ക്യാപ്പിറ്റൽ, ആഡിറ്റ്, തുടങ്ങിയവയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്കുമേലുള്ള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറുടെ അധികാരത്തെ പരിമിതപ്പെടുത്തുന്നതും ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധവുമാണ്. സഹകരണ മേഖലയ്ക്ക് ബാധകമാകുന്ന വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്ന് പ്രമേയത്തിലൂടെയും പാർലമെന്റ് അംഗങ്ങൾ മുഖാന്തരവും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബിൽ നിയമമായതിനുശേഷമുള്ള ഭാവി നടപടികൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾക്കും പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും ആദായനികുതി നിയമപ്രകാരമുള്ള ഇളവുകൾ നഷ്ടപ്പെടാനിടയായ ഹൈക്കോടതി വിധി സുപ്രീംകോടതി റദ്ദാക്കിയിട്ടുണ്ട്.

(2) ഒ.ബി.സി. ആനുകൂല്യം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് ജില്ലയിലെ കൊങ്കണി ഭാഷ സംസാരിക്കുന്ന കാത്തലിക് ക്രിസ്ത്യൻ വിഭാഗത്തിന് ഒ.ബി.സി. ജാതി സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ആനുകൂല്യം ലഭ്യമാക്കാനും ഇതുസംബന്ധിച്ച് കോടതിയിൽ നിലനിൽക്കുന്ന കേസിന്മേൽ അനുകൂലവിധി സമ്പാദിക്കുന്നതിനും നടപടിയുണ്ടാകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 04-11-2010-ലെ സർക്കാർ ഉത്തരവുപ്രകാരം ലാറ്റിൻ കാത്തലിക് വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കൊങ്കിണി സംസാരിക്കുന്ന ലാറ്റിൻ കാത്തലിക് വിഭാഗക്കാർക്ക് ഒ.ബി.സി. ജാതി സർട്ടിഫിക്കറ്റ് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി കിർത്താഡ്സിന്റെ പരിഗണനയിലാണ്. നിലവിലുള്ള സർക്കാർ ഉത്തരവുപ്രകാരം കൊങ്കിണി സംസാരിക്കുന്ന ഈ വിഭാഗക്കാർ സംസ്ഥാനത്തെ യഥാർത്ഥ ലാറ്റിൻ

കാത്തലിക് വിഭാഗത്തിൽപ്പെടുന്നവരാണെന്ന് റവന്യൂ അധികാരികൾക്ക് ബോദ്ധ്യപ്പെടുന്നപക്ഷം മാതൃഭാഷയോ രൂപതയോ പരിഗണിക്കാതെ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതാണെന്ന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കമ്മീഷൻ തീരുമാനമെടുക്കുന്നമുറയ്ക്ക് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

## V സബ്മിഷൻ

### (1) എം. മാധവൻ നമ്പ്യാർ സമിതി റിപ്പോർട്ട്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കോവിഡ് 19-ന്റെ മറവിൽ കേരളത്തിലെ ജനങ്ങളുടെ ചികിത്സാ വിവരങ്ങൾ സ്പ്രിംഗ്ളറിന് ചോർത്തിക്കൊടുത്തതിലെ അഴിമതി സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനും സ്പ്രിംഗ്ളർ കരാറിനെ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച എം. മാധവൻ നമ്പ്യാർ സമിതിയുടെ റിപ്പോർട്ട് പുറത്തുവിടുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കോവിഡ്-19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായുള്ള വിവരശേഖരണത്തിന്റെ സുരക്ഷ

ഉറപ്പുവരുത്തുന്നതിനായി കമ്പനിയുടെ ആമസോൺ വെബ് സെർവറിൽ ശേഖരിച്ച വിവരങ്ങൾ അംഗീകൃത ഏജൻസിയുടെ ഓഡിറ്റിംഗിന് വിധേയമാക്കി സംസ്ഥാന സർക്കാരിന്റെ വെബ്സൈറ്റിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കരാർ സംബന്ധിച്ച് പരിശോധിക്കുന്നതിനായി നിയോഗിച്ച എം. മാധവൻ നമ്പ്യാർ സമിതി റിപ്പോർട്ടിലെ അപാകതകൾ പരിശോധിച്ച് സമർപ്പിക്കുന്നതിനായി നിയോഗിച്ച കെ. ശശിധരൻ നായർ സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭ വിട്ട് പുറത്തുപോവുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(2) <u>പോലീസ് നടപടി</u>

<u>ശ്രീ. സി. കെ. നാണു</u>: വടകര മുക്കാളിയിൽ ഒരു വീട്ടിൽ നടന്ന പുതുവത്സര ആഘോഷത്തിനിടെയുണ്ടായ അനാവശ്യ പോലീസ് നടപടി സംബന്ധിച്ച് അന്വേഷിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): കോഴിക്കോട് ചോമ്പാല പോലീസ്

സ്റ്റേഷൻ പരിധിയിലെ മുക്കാളിയിൽ കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ചുള്ള പുതുവത്സരാഘോഷം തടയാൻ ശ്രമിച്ച പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്തിയ പത്ത് പേരേയും പോലീസ് വാഹനം തടഞ്ഞ് ബലം പ്രയോഗിച്ച് ഒന്നാം പ്രതിയെ മോചിപ്പിച്ച സംഭവത്തിൽ ഇരുപത് പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം തുടർന്നുവരികയാണ്. പോലീസിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

(3) ഭൂമിയുടെ പോക്കുവരവ്

ശ്രീ. എ. പി. അനിൽ കുമാർ: കരുവാരക്കുണ്ട് പഞ്ചായത്തിലെ കേരള എസ്റ്റേറ്റിലെ നൂറോളം കുടുംബങ്ങളുടെ ഭൂമി പോക്കുവരവ് ചെയ്ത് നികുതി അടയ്ക്കുന്നതിനുള്ള കോടതി ഉത്തരവ് അടിയന്തരമായി നടപ്പാക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേരള ഭൂപരിഷ്കരണ നിയമത്തിനെതിരാകുമെന്നതിനാൽ ഈ വിഷയത്തിൽ കോടതി ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(4) തെരുവുനായ്ക്കളുടെ വന്ധ്യംകരണം

ഡോ. എം. കെ. മുനീർ: കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ വർദ്ധിച്ചുവരുന്ന തെരുവുനായശല്യം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): തെരുവു നായശല്യം നിയന്ത്രിക്കുന്നതിനുള്ള ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാം കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ട്.

(5) നടുവത്തിത്തോട് നവീകരണം

ശ്രീ. വി. അബ്ദുറഹിമാൻ: ഉദ്യോഗസ്ഥതല അനാസ്ഥ ഒഴിവാക്കി താനൂർ നിയോജകമണ്ഡലത്തിലെ നടുവത്തിത്തോട് നവീകരണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): താനൂർ മുനിസിപ്പാലിറ്റിയിലെ നടുവത്തിത്തോടിന്റെ ഡിസൈൻ പൂർത്തീകരിച്ച് ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതിക്കുള്ള തുടർനടപടികൾ

സ്വീകരിക്കുന്നതാണ്. ഉദ്യോഗസ്ഥതല അനാസ്ഥ സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(6) വാഹനാപകടങ്ങൾ

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് അടിയന്തര ഇടപെടലുണ്ടാകണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ പശ്ചാത്തലത്തിൽ ദേശീയപാതയിലെ ബ്ലാക്ക് സ്പോട്ടുകൾ റാറ്റിഫൈ ചെയ്യുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ കൺസൾട്ടന്റിനെ നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഹൈവേയിലെ ബ്ലാക്ക് സ്പോട്ടുകൾ റാറ്റിഫൈ ചെയ്യുന്നതിനുള്ള നടപടികൾക്കായി പൊതുമരാമത്ത് വകുപ്പിന് തുക അനുവദിച്ചിട്ടുണ്ട്.

(7) റേഷൻ കാർഡ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: വാടകവീട്ടിൽ താമസിക്കുന്നവർക്കും വീട്ടുനമ്പരില്ലാത്ത കുടുംബങ്ങൾക്കും പുതിയ റേഷൻ കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഉടമസ്ഥന്റെ സമ്മതപത്രമില്ലാതെതന്നെ വാടകവീട്ടിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നുണ്ട്. താമസം മാറുന്ന കുടുംബങ്ങൾക്ക് പോർട്ടബിലിറ്റി സംവിധാനമുപയോഗിച്ച് റേഷൻ സാധനങ്ങൾ വാങ്ങുന്നതിനും വിലാസം മാറ്റുന്നതിനും സാധിക്കുന്നതാണ്. ആവശ്യമായ പരിശോധനകൾക്കുശേഷം പുതിയ താമസക്കാർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതാണ്. വീട്ടുനമ്പരില്ലാതെ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പുതിയ റേഷൻ കാർഡ് അനുവദിക്കുകയും മുൻഗണനാപട്ടികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

## (8) അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവരുടേയും വൃക്കരോഗികളുടേയും പ്രശ്നങ്ങൾ

ഡോ. എൻ. ജയരാജ്: അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവരുടേയും വൃക്ക രോഗികളുടേയും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): വൃക്ക രോഗികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സമാശ്വാസ പെൻഷൻ വിതരണം ചെയ്യുന്നതോടൊപ്പം വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കാവശ്യമായ സഹായവും നല്കുന്നുണ്ട്. 'കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും അർഹതയുള്ളവർക്ക് ധനസഹായവും നൽകുന്നുണ്ട്. അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചരണം സർക്കാർ നടത്തുന്നുണ്ട്. കാരുണ്യ ഫാർമസിവഴി കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതോടൊപ്പം സൗജന്യമായി നൽകാൻ കഴിയുന്ന മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾവഴിയും നൽകുന്നുണ്ട്.

(9) തിരൂർ ജില്ലാ ആശുപത്രി മാസ്റ്റർ പ്ലാൻ

ശ്രീ. സി. മമ്മൂട്ടി: തിരൂർ ജില്ലാ ആശുപത്രിയ്ക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി അടിയന്തരമായി നടപ്പാക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : ജില്ലാ ആശുപത്രികൾ ഹൈടെക് ആക്കി മാറ്റുന്നതിന്റെ ഭാഗമായി കാർഡിയോളജി, നെഫ്രോളജി, ന്യൂറോളജി

എന്നീ മൂന്ന് സൂപ്പർ സ്പെഷ്യാലിറ്റി യൂണിറ്റുകൾ ജില്ലാതലത്തിൽ വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തിരൂർ ആശുപത്രിയിൽ ഐ.സി.യു. നവീകരണം, മാതൃ-ശിശു യൂണിറ്റ്, കേൾവി പരിശോധനാ കേന്ദ്രം, ബ്ലഡ് ബാങ്ക്, ഒ.പി. നവീകരണം തുടങ്ങി വളരെയധികം വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. WAPCOS-നെ എസ്.പി.വി. ആയി ചുമതലപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും.

## (10) സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം

ശ്രീ. ടി. ജെ. വിനോദ്: എറണാകുളം ജനറൽ ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : പ്രസ്തുത ആശുപത്രിയിൽ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി 76 കോടി 56 ലക്ഷം

രൂപയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കുകയും 25 പുതിയ തസ്തികകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(11) അഭിഷേകിന്റെ സംരക്ഷണം

ശ്രീ. കെ. കുഞ്ഞിരാമൻ: മാതാപിതാക്കൾ നഷ്ടപ്പെട്ട കാനത്തൂരിലെ ആറുവയസ്സുകാരൻ അഭിഷേകിന്റെ സംരക്ഷണം സർക്കാർ ഏറ്റെടുക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): അഭിഷേകിന്റെ സംരക്ഷണം സംബന്ധിച്ചുള്ള നടപടികൾ പരിശോധിച്ചുവരികയാണ്. കുട്ടിയെ സംരക്ഷിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന സംയോജിത ശിശുവികസന പദ്ധതിയുടെ പുനരധിവാസ പദ്ധതികളിൽ ഏതിലെങ്കിലും ഉൾപ്പെടുത്തി കുട്ടിയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(12) മലബാർ ദേവസ്വം നിയമം

ശ്രീ. കെ. എൻ. എ. ഖാദർ: മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിനും

കുടിശ്ശികയുൾപ്പെടെ കൊടുത്തുതീർക്കുന്നതിനും സമഗ്ര മലബാർ ദേവസ്വം നിയമം കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): മലബാർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ശമ്പളപരിഷ്കരണത്തിന് കാലതാമസമുണ്ടായതിനാൽ 2000 രൂപ ഇടക്കാലാശ്വാസം അനുവദിക്കുകയും കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് 10 കോടി രൂപ മലബാർ ദേവസ്വത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സമഗ്ര മലബാർ ദേവസ്വം ബില്ലിന്മേലുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്.

(13) ശുചീകരണത്തൊഴിലാളികളുടെ പരിരക്ഷ

ശ്രീമതി യു. പ്രതിഭ: കോവിഡ്-19-ന്റെ ഭാഗമായി താൽക്കാലിക നിയമനം നൽകിയ ശുചീകരണ തൊഴിലാളികളുൾപ്പെടെയുള്ളവർക്ക് പ്രത്യേക പരിരക്ഷാ പാക്കേജ് പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിയമിച്ചിട്ടുള്ള

ശുചീകരണത്തൊഴിലാളികളുടെ വേതനം 750 രൂപയായി വർദ്ധിപ്പിക്കുകയും താമസം, ഭക്ഷണം, വിശ്രമം എന്നിവയ്ക്ക് സൗകര്യമൊരുക്കുകയും ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തുകയും കോവിഡ് വാക്സിനേഷൻ നൽകുന്നതിന് മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(14) ഐ. പി. ടി. വിപുലീകരണം

ശ്രീ. പി. കെ. ശശി: ഷൊർണ്ണൂർ ഐ.പി.ടി.-യിൽ പ്രിന്റിംഗ് ടെക്നോളജിക്ക് അധിക ബാച്ചും പുതിയ കോഴ്സുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഗസ്റ്റ് ഫാക്കൽറ്റിയുടെ സേവനം വിനിയോഗിച്ച് ഷൊർണ്ണൂർ ഐ.പി.ടി.-യിൽ പ്രിന്റിംഗ് ടെക്നോളജി വിഭാഗത്തിൽ 60 സീറ്റുകളോടുകൂടിയ അധികബാച്ച് ഈ വർഷംതന്നെ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പുതിയ കോഴ്സുകളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(15) <u>കുറവിലങ്ങാട് കേരള സയൻസ് സിറ്റി</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: കുറവിലങ്ങാട് കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണം.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): കുറവിലങ്ങാട് സയൻസ് സിറ്റിക്ക് ആദ്യഘട്ടത്തിൽ 120 കോടി രൂപ വകയിരുത്തി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും എൺപത് ശതമാനത്തോളം പ്രവൃത്തികൾ പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. 2021 ഒക്ടോബർ അവസാനത്തോടെ സയൻസ് സിറ്റിയുടെ ഫസ്റ്റ് ഫേസ് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി നാഷണൽ സയൻസ് മ്യൂസിയം അധികൃതർ അറിയിച്ചിട്ടുണ്ട്.

## VI റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

1. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

2. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എഴുപത്തി എട്ട് മുതൽ തൊണ്ണൂറ് വരെയുള്ള റിപ്പോർട്ടുകൾ

3. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ മുപ്പത്തിമൂന്ന് മുതൽ മുപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

4. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിയൊൻപത് മുതൽ എഴുപത്തിയൊൻപത് വരെയുള്ള റിപ്പോർട്ടുകൾ

5. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഇരുപത് മുതൽ ഇരുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ.

## VII റിപ്പോർട്ട് പരിഗണന

<u>പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ ആറ്, ഏഴ് റിപ്പോർട്ടുകളുടെ പരിഗണന</u>

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ ആറാമത്തും ഏഴാമത്തും റിപ്പോർട്ടുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: കേരള നിയമസഭയുടെ ചരിത്രത്തിലാദ്യമായാണ് ഇതുപോലൊരു വിഷയം സമിതിക്ക് കൈകാര്യം ചെയ്യേണ്ടി വന്നിട്ടുള്ളത്.

സി.&എ.ജി. റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുമുമ്പ് റിപ്പോർട്ടിലെ ചില പരാമർശങ്ങൾ മാധ്യമങ്ങളുമായി പങ്കുവച്ചത് അസാധാരണമായ സാഹചര്യത്തിലാണെന്നാണ് ധനകാര്യ വകുപ്പുമന്ത്രി വെളിപ്പെടുത്തിയിരിക്കുന്നത്. നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ സി.&എ.ജി. റിപ്പോർട്ട് വെളിപ്പെടുത്തുന്നത് സംബന്ധിച്ച് പരാമർശങ്ങളില്ല. സി.&എ.ജി. റിപ്പോർട്ട് പാർലമെന്റിന്റെ മേശപ്പുറത്ത് വയ്ക്കുന്നതിന് മുമ്പ് റിപ്പോർട്ടിലെ ചില പരാമർശങ്ങൾ ആം ആദ്മി പാർട്ടി നേതാവ് മാധ്യമങ്ങൾക്ക് ചോർത്തിനൽകിയതുമായി ബന്ധപ്പെട്ട അവകാശലംഘന നോട്ടീസിന്മേൽ പ്രസ്തുത റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുമുമ്പ് വിവരങ്ങൾ പുറത്താകുന്നത് സഭയുടെ അവകാശലംഘനമാവില്ല എന്ന രാജ്യസഭാ പ്രിവിലേജസ് കമ്മിറ്റിയുടെ നിരീക്ഷണമാണ് സമിതി മാതൃകയാക്കിയിട്ടുള്ളത്. സി.&എ.ജി. റിപ്പോർട്ടിന്റെ രഹസ്യ സ്വഭാവം സംബന്ധിച്ച സർക്കുലർ ഓഡിറ്റ് ഉദ്യോഗസ്ഥർക്കും സി.&എ.ജി. ഓഫീസിലെ വിവിധ വകുപ്പുകൾക്കും മാത്രം ബാധകമായിട്ടുള്ളതാണ്. കമ്മിറ്റി മുമ്പാകെ ലഭിച്ച തെളിവുകളുടെയും സമാനമായ വിഷയത്തിൽ രാജ്യസഭാ പ്രിവിലേജസ് കമ്മിറ്റി കൈക്കൊണ്ട തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ

ധനകാര്യ വകുപ്പുമന്ത്രിക്കെതിരായ അവകാശലംഘന പ്രശ്നത്തിൽ തുടർനടപടി അവസാനിപ്പിക്കാനാണ് സമിതി ശിപാർശ ചെയ്തിട്ടുള്ളത്.

ശ്രീ. വി. ഡി. സതീശൻ: സമിതി റിപ്പോർട്ടിലെ പരാമർശങ്ങൾ വസ്തുതാവിരുദ്ധമാണ്. സി.&എ.ജി. റിപ്പോർട്ട് ചോർത്തിയതുമായി ബന്ധപ്പെട്ട രാജ്യസഭാ പ്രിവിലേജസ് കമ്മിറ്റിയുടെ നിഗമനങ്ങളെ വളച്ചൊടിച്ച് തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ട് അംഗീകരിക്കാൻ കഴിയില്ല. സി.&എ.ജി റിപ്പോർട്ട് ചോർന്നത് ബ്രീച്ച് ഓഫ് പ്രിവിലേജ് അല്ലെന്ന വാദം യുക്തിരഹിതവും കീഴ്‌വഴക്കങ്ങളുടെ ലംഘനവുമാണ്. ആരോപണവിധേയനായ ധനകാര്യ വകുപ്പുമന്ത്രിയുടെ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഏകപക്ഷീയമായ നിലപാടാണ് സമിതി സ്വീകരിച്ചിരിക്കുന്നത്. ഓഡിറ്റ് റിപ്പോർട്ടിൽ ചില പേജുകൾ കൂട്ടിച്ചേർത്തതിൽ ദുരൂഹതയുണ്ടെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ ആരോപണം വസ്തുതാധിഷ്ഠിതമാണെന്ന കണ്ടെത്തലിലൂടെ സി. ആന്റ് എ.ജി. റിപ്പോർട്ടിൽ 8 പേജുകൾ കൂട്ടിച്ചേർത്തു എന്ന ഗുരുതരമായ ആരോപണമാണ് ഉന്നയിച്ചിരിക്കുന്നത്. ആരോപണവിധേയനായ ധനകാര്യ വകുപ്പുമന്ത്രിയെ കുറ്റവിമുക്തനാക്കി സി. ആന്റ് എ.ജി.-യ്ക്കെതിരെ പരാമർശം നടത്തിയ

നടപടി ശരിയല്ല. സി. ആന്റ് എ.ജി.-യുടെ ഭാഗം കേൾക്കാത്തതിനാൽ അവർക്കെതിരായ പരാമർശങ്ങൾ റിപ്പോർട്ടിൽ നിന്ന് നീക്കം ചെയ്യണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാന ഗവൺമെന്റുകളുടെ വരവുചെലവ് കണക്കുകൾ പരിശോധിക്കേണ്ട ഭരണഘടനാപരമായ ഉത്തരവാദിത്വമാണ് സി. ആന്റ് എ.ജി.-ക്കുള്ളത്. ഗവർണറുടെ അനുമതിയോടെ സഭയിൽ സമർപ്പിക്കുന്ന സി. ആന്റ് എ.ജി റിപ്പോർട്ടിന്മേൽ ഗവൺമെന്റിന് പരാതിയുണ്ടെങ്കിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ബോധിപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് സഭയിൽ ചർച്ച ചെയ്യാമെന്നുമുള്ള വ്യവസ്ഥാപിതമായ രീതി നിലനിൽക്കെയാണ് നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളും ലംഘിച്ച് ധനകാര്യ വകുപ്പുമന്ത്രി പത്രസമ്മേളനം നടത്തി റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തിയത്. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ഉത്തരവാദിത്വം നിറവേറ്റുന്ന കാര്യത്തിൽ ഇവിടെ പരാജയപ്പെട്ടിരിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി, സഭയുടെ അവകാശങ്ങൾ ലംഘിച്ചിട്ടില്ലെന്ന സമിതി ചെയർമാന്റെ വാദം വസ്തുതാവിരുദ്ധമാണെന്ന് മാത്രമല്ല ധനകാര്യ വകുപ്പുമന്ത്രിയുടെ നടപടി തെറ്റാണെന്ന പരാമർശം റിപ്പോർട്ടിൽ ഉൾപ്പെടുത്താത്തത് ഖേദകരവുമാണ്.

യഥാർത്ഥ കണ്ടെത്തലുകൾ നടത്താത്ത സമിതി റിപ്പോർട്ടിനോട് യോജിക്കാനാവില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് റൂളിംഗ് നൽകണം. രാജ്യസഭയിലെ കീഴ്വഴക്കങ്ങളുൾപ്പെടെ പരിശോധിച്ച് അവകാശലംഘനം നടന്നിട്ടില്ലെന്ന നിഗമനത്തിലെത്തിയതിനോട് യോജിക്കുന്നു. അസാധാരണ സാഹചര്യം സമിതി അംഗീകരിക്കുകയും ഇത്തരം സാഹചര്യം ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. സമിതിയെ തെറ്റിദ്ധരിപ്പിച്ചുവെന്നും സി ആന്റ് എ.ജി. സർക്കാരുമായി ചർച്ച ചെയ്തിരുന്നുവെന്നും തെളിയിച്ചാൽ ശിക്ഷ ഏറ്റുവാങ്ങാൻ തയ്യാറാണ്.

പ്രിവിലേജ്സ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ ആറാമതും ഏഴാമതും റിപ്പോർട്ടുകൾ ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

# VI ധനകാര്യം

## 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമസ്ത ജനവിഭാഗങ്ങളുടെയും പുരോഗതിയും വികസനവും ലക്ഷ്യമിട്ടുകൊണ്ടുള്ള ബഡ്ജറ്റാണിത്. കർഷകർക്ക് ആശ്വാസ പദ്ധതികൾ നടപ്പിലാക്കാനും കാർഷിക-വ്യാവസായിക മേഖലകളിൽ വിസ്മയകരമായ നേട്ടം കൈവരിക്കാനും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള നടപടി സ്വീകരിക്കാനും ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഉല്പാദന-സേവന-അടിസ്ഥാന മേഖലകളിൽ നടത്തുന്ന നിക്ഷേപം നാടിന് വമ്പിച്ച ഉണർവ്വാണുണ്ടാക്കിയിട്ടുള്ളത്.

ശ്രീ. ടി. ജെ. വിനോദ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പണ്ഡിറ്റ് കറുപ്പൻ റോഡിന് സമാന്തരമായുള്ള എലവേറ്റഡ്

ബ്രിഡ്ജിന്റെ നിർമ്മാണത്തിനും മഹാരാജാസ് കോളേജിലെ സിന്തറ്റിക് ട്രാക്ക് പുതുക്കിപ്പണിയുന്നതിനുമാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണം.

ശ്രീമതി ഗീതാ ഗോപി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും ദുരന്തം വിതച്ച കൊറോണ ഉൾപ്പെടെയുള്ള വിപത്തുകളെ ജാഗ്രതയോടെ നേരിട്ട സർക്കാർ ലോകരാജ്യങ്ങൾക്കുതന്നെ മാതൃകയാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. തീരദേശ മേഖലയായ നാട്ടികയിൽ ഒരു മിനി ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. സി. മമ്മൂട്ടി: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. വെട്ടം-തലക്കാട് തീരദേശ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. തിരൂരിലെ മുത്തൂർ റെയിൽവേ ഓവർബ്രിഡ്ജ്, തിരൂർ സിറ്റി ജംഗ്ഷനിലെ സമാന്തര ഓവർബ്രിഡ്ജ് എന്നിവയുടെ അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കണം.

ശ്രീ. കാരാട്ട് റസാഖ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതിപക്ഷമുൾപ്പെടെ തുല്യപരിഗണന നൽകിക്കൊണ്ടുള്ള ബഡ്ജറ്റാണ്

ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. സർക്കാരിന്റെ ജനക്ഷേമ പ്രവർത്തനങ്ങളെ ജനങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടിട്ടുണ്ട്.

ശ്രീ. മോൻസ് ജോസഫ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പുകൾ നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികൾ സാങ്കേതിക കാരണങ്ങളാൽ പ്രതിസന്ധിയിലാകുന്നത് ഒഴിവാക്കുന്നതിനും പണി പൂർത്തീകരിച്ച പ്രോജക്ടുകളുടെ പെന്റിംഗ് ബില്ലുകൾ അടിയന്തരമായി കൊടുത്തുതീർക്കുന്നതിനും നടപടി സ്വീകരിക്കണം. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവുമൂലം പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കണം.

ശ്രീ. കെ. കുഞ്ഞിരാമൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൃഷി, ആരോഗ്യം, ക്ഷീരവികസനം, മൃഗസംരക്ഷണം, വനം, വിനോദസഞ്ചാരം, പൊതുമരാമത്ത് തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. സമയബന്ധിതമായി പട്ടയം നൽകുന്നതിന് പ്രത്യേക പരിഗണന നൽകിയതും പട്ടയം ലഭ്യമാകുന്നവരുടെ എണ്ണം രണ്ട് ലക്ഷമാക്കുമെന്ന പ്രഖ്യാപനവും ബേക്കൽ കോട്ടയുടെ പുനരുദ്ധാരണത്തിന് തുക അനുവദിച്ച നടപടിയും സ്വാഗതാർഹമാണ്.

<u>ശ്രീ. സി. കെ. നാണു</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൂടുതൽ കുട്ടികളെ ആകർഷിക്കുന്ന വിധത്തിൽ സർക്കാർ വിദ്യാലയങ്ങളിലെ പശ്ചാത്തലസൗകര്യം മെച്ചപ്പെടുത്താൻ സാധിച്ചതും കോവിഡ് പ്രതിസന്ധികാലത്ത് സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്തതും ശ്ലാഘനീയമാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. പല വർക്കുകൾക്കും തുക അനുവദിക്കുന്ന കാര്യത്തിൽ വിവേചനമാണ് സർക്കാർ പുലർത്തുന്നത്. മലപ്പുറം ടൗൺ ഹൈല്ല ഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനോ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടം, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയുടെ നിർമ്മാണത്തിൽ പുരോഗതി കൈവരിക്കാനോ മലപ്പുറം മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ കുടിവെള്ള പദ്ധതികൾക്ക് തുക അനുവദിക്കാനോ സർക്കാരിന് സാധിച്ചിട്ടില്ല.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിലാളികളുടെയും കർഷകരുടെയും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെയും മുന്നാക്ക സമുദായത്തിലെ പിന്നാക്കക്കാരുടെയും ക്ഷേമം ലക്ഷ്യമാക്കിയും

രാഷ്ട്രീയഭേദമെന്യേ എല്ലാ മണ്ഡലങ്ങളുടെയും വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. എം. വിൻസെന്റ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടുകൊണ്ട് അവതരിപ്പിച്ച ബഡ്ജറ്റ് അപ്രായോഗികവും യാഥാർത്ഥ്യബോധത്തിന് നിരക്കാത്തതുമാണ്. സർക്കാരിന്റെ മുൻബഡ്ജറ്റുകളിലെ പ്രഖ്യാപനങ്ങളോ പാക്കേജുകളോ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പൊതുകടം ഇരട്ടിയായി. നികുതി വരുമാനത്തിൽ നാമമാത്ര വർദ്ധനവുമാത്രം. ലൈഫ് മിഷനിലൂടെ പുതുതായി രണ്ട് ലക്ഷം വീടുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. സമസ്ത മേഖലകളിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്.

ശ്രീ. കെ. ബാബു: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എല്ലാ മേഖലകളിലും അഭിമാനകരമായ വികസനപ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതി അട്ടിമറിക്കാനുള്ള പ്രതിപക്ഷശ്രമം ഖേദകരമാണ്.

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുവിദ്യാലയങ്ങളിലേയ്ക്കെത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാനും 2500 പുതിയ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാനും സർക്കാർ സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്. 82 ലക്ഷത്തോളംപേർക്ക് പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാനും സാമൂഹ്യക്ഷേമ പെൻഷനുകൾ കാലോചിതമായി വർദ്ധിപ്പിക്കാനും ആരോഗ്യമേഖല ശക്തിപ്പെടുത്തി സൗജന്യ ചികിത്സ ഉറപ്പുവരുത്താനും കഴിഞ്ഞത് അഭിനന്ദനാർഹമാണ്. കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കാനും നെൽകർഷകർക്ക് റോയൽറ്റി പ്രഖ്യാപിക്കാനും പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാനും കാർഷിക ക്ഷേമനിധി ബോർഡ് രൂപീകരിക്കാനും ലൈഫ് പദ്ധതിയിലൂടെ ഭവനരഹിതരായ ആളുകൾക്ക് വീട് നിർമ്മിച്ച് നൽകാനും ഈ സർക്കാരിന് സാധിച്ചു. സൗജന്യ ഇന്റർനെറ്റ് സൗകര്യമൊരുക്കുന്ന ആദ്യത്തെ സംസ്ഥാനമെന്ന ഖ്യാതി കേരളത്തിന് സ്വന്തമാണ്. ഏഷ്യയിലെ ഏറ്റവും വലിയ സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കാൻ കിഫ്ബിയിലൂടെ തുക വകയിരുത്തിയ സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമകരവും സർവ്വതലസ്പർശിയുമായ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വികലമായ നയസമീപനങ്ങളാലും പ്രകൃതി ദുരന്തങ്ങളാലും പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോഴും മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുകയാണ്. കർഷകത്തൊഴിലാളികൾക്ക് അനുവദിച്ച അതിവർഷ ധനസഹായം സമയബന്ധിതമായി നൽകുന്നതിനും മഠങ്ങളിലും ആശ്രമങ്ങളിലും അനാഥാലയങ്ങളിലുമുള്ള അന്തേവാസികൾക്ക് റേഷൻ പെർമിറ്റ് അനുവദിക്കുന്നതിനും നടപടിയുണ്ടാകണം. ലക്ഷംവീട് കോളനികളിലെ കാലപ്പഴക്കം ചെന്ന ഇരട്ട വീടുകൾ ഒറ്റവീടാക്കുന്നതിനും ഏറ്റെടുത്ത കരാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കരാർ പ്രവൃത്തികളിൽ പുരോഗതിയില്ലാത്ത കരാറുകാരെ ഒഴിവാക്കുന്നതിനും തയ്യാറാകണം.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. അംഗീകാരം നൽകിയ പദ്ധതികളുടെ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തത് പ്രതിഷേധാർഹമാണ്. വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ

സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. വ്യാപാരികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കണം. വൈദ്യുതി കുടിശ്ശികയിൽ ഇളവ് അനുവദിക്കുന്നതിനും വിധവാ പെൻഷൻ സംബന്ധിച്ച സർക്കാർ ഉത്തരവിലെ പിഴവ് പരിഹരിക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളിലെ വരവുചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വെട്ടിക്കുറച്ച പദ്ധതിവിഹിതം പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. ജോയി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലൈഫ് പദ്ധതി അട്ടിമറിക്കാനുള്ള നീക്കത്തിൽനിന്ന് പ്രതിപക്ഷം പിൻമാറണം. സമസ്ത മേഖലകളിലും വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെതിരെ അഴിമതിയാരോപണങ്ങൾ ഉന്നയിച്ച് പുകമറ സൃഷ്ടിക്കാനുള്ള പ്രതിപക്ഷ ശ്രമം അപലപനീയമാണ്.

ശ്രീ. റോജി എം. ജോൺ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ധൂർത്തും അഴിമതിയും പിൻവാതിൽ നിയമനങ്ങളും സ്വജനപക്ഷപാതവും മുഖമുദ്രയാക്കിയ സർക്കാരാണിത്. തീരദേശ പാക്കേജ്, ഇടുക്കി പാക്കേജ്, വയനാട് പാക്കേജ്, കോവിഡ് ഉത്തേജന പാക്കേജ് തുടങ്ങിയ പാക്കേജുകൾ

പ്രഖ്യാപിക്കുന്നതല്ലാതെ യാതൊന്നും നടപ്പാക്കിയിട്ടില്ല. അനാഥാലയങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ, കോൺവെന്റുകൾ ഉൾപ്പെടെയുള്ളവയുടെ പെർമിറ്റുകൾ പുനഃസ്ഥാപിക്കാനുള്ള നടപടിയുണ്ടാകണം. വിശദമായ പ്ലാനും എസ്റ്റിമേറ്റും നൽകിയ അങ്കമാലി താലൂക്കാശുപത്രിക്ക് മാതൃ-ശിശു മന്ദിരം പണിയാൻ നടപടി സ്വീകരിക്കണം. ബാംബൂ കോർപ്പറേഷൻ തൊഴിലാളികളോടുള്ള അവഗണന അവസാനിപ്പിക്കണം. കിഫ്ബി വഴി പ്രഖ്യാപിച്ച വൻകിട പദ്ധതികൾ യാഥാർത്ഥ്യമാക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): വേയ്സ് ആന്റ് മീൻസ് അഡ്ജസ്റ്റ്മെന്റ് ഫലപ്രദമായി നടത്തിയതിന്റെ ഫലമായാണ് ട്രഷറികൾ പൂട്ടാതിരുന്നത്. കൂടുതൽ തുക അനുവദിക്കാത്ത ഡിപ്പാർട്ടുമെന്റുകൾക്ക് സപ്ലിമെന്ററി ഡിമാന്റ്സിൽ അധികം തുക അനുവദിക്കുന്നുണ്ട്. KTDFC (Kerala Transport Development Finance Corporation) പൂട്ടുമെന്ന വാർത്ത അടിസ്ഥാനരഹിതമാണ്. അത്രൂർ പ്രദേശത്തെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതാണ്. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ച സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളുടെ പ്രവൃത്തികളുമായി ബന്ധപ്പെട്ട് റേറ്റ് വർദ്ധന സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. വിവിധ ഘട്ടങ്ങളിലെത്തി നിൽക്കുന്ന കിഫ്ബി പദ്ധതികളെ സംബന്ധിച്ച് വിമർശനമുന്നയിക്കുന്നത് ശരിയല്ല. രണ്ടു വർഷത്തിനുള്ളിൽ നാടിന്റെ മുഖച്ഛായ മാറ്റുന്ന വികസന പദ്ധതികളാണ് കിഫ്ബി ഏറ്റെടുത്തിരിക്കുന്നത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ കേരളത്തിന്റെ സ്ഥാനം മെച്ചപ്പെടുത്താനുള്ള ശ്രമമാണ് നടക്കുന്നത്. സാങ്കേതിക കാരണങ്ങളാലും സ്ഥലമേറ്റെടുക്കൽ വൈകുന്നതുമൂലവും വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് സ്വാഭാവികമാണ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും

പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള

ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ

ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(2) വോട്ട് ഓൺ അക്കൗണ്ട്- ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): " ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2021-22 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം" അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ പി. കെ. ബഷീർ, പി. കെ. അബ്ദു റബ്ബ്, പാറക്കൽ അബ്ദുള്ള, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്ക് കൂട്ടുനിൽക്കുന്ന സമീപനം പ്രതിപക്ഷം അവസാനിപ്പിക്കണം. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനും പ്രകൃതിദുരന്തങ്ങളെയും പകർച്ചവ്യാധികളെയും ഫലപ്രദമായി അതിജീവിക്കാനും കഴിഞ്ഞത് ഗവൺമെന്റിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. വയനാട് പാക്കേജ് നടപ്പാക്കുന്നതിനെക്കുറിച്ച് വ്യക്തമാക്കണം. വയനാട് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിനും ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുന്നതിനും തലശ്ശേരി-മാനന്തവാടി-മൈസൂർ റെയിൽപ്പാത യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. രാത്രിയാത്രാ നിരോധനം സംബന്ധിച്ച് കർണ്ണാടക സർക്കാരുമായി ചർച്ച നടത്താൻ സർക്കാർ തയ്യാറാകണം. പ്രതിസന്ധി നേരിടുന്ന വയനാട്ടിലെ കർഷകർക്ക് ആശ്വാസം നൽകുന്ന പദ്ധതികൾ പ്രഖ്യാപിക്കാനും തുരങ്ക പാത യാഥാർത്ഥ്യമാക്കാനും ക്വാറി/മണൽ മാഫിയകളെ സംരക്ഷിക്കുന്ന നിലപാടുകൾ അവസാനിപ്പിക്കാനും തയ്യാറാകണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ. പി.</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കോവിഡ്-19 പശ്ചാത്തലത്തിൽ സാധാരണക്കാർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയതിലൂടെ സംസ്ഥാനത്ത് മരണനിരക്ക് കുറയ്ക്കാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. സാമൂഹ്യ ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുകയും ജെൻഡർ ബഡ്ജറ്റിലൂടെ വനിതകൾക്ക് പ്രത്യേക പരിഗണന നൽകുകയും പി.എസ്.സി. വഴി ഒന്നരലക്ഷത്തിലധികം പേർക്ക് നിയമനം നൽകുകയും സ്റ്റാർട്ട് അപ് പദ്ധതികളിലൂടെ 32,000-ത്തോളം പേർക്ക് തൊഴിൽ നൽകാൻ സാധിച്ചതും അഭിനന്ദനാർഹമാണ്. യുവതീ-യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റ് പ്രഖ്യാപനങ്ങളെല്ലാം വാഗ്ദാനങ്ങളായി അവശേഷിക്കുകയാണ്. സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചു, വളർച്ചാ നിരക്ക് ദേശീയ ശരാശരിയെക്കാളും താഴ്ന്നു. റോഡ്, പാലം എന്നിവയുടെ നിർമ്മാണങ്ങളൊന്നും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കിഫ്ബിയിലൂടെ പ്രഖ്യാപിച്ച മുണ്ടുമുഴി-വെട്ടുപാറ-പുളിക്കൽ റോഡിന്റെ നിർമ്മാണം

പൂർത്തീകരിക്കണം. അർഹരായവർക്കെല്ലാം ക്ഷേമപെൻഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് പുന:സ്ഥാപിക്കണം. മലബാറിലെ അറബിക് കോളേജുകൾക്ക് കോഴ്സുകൾ അനുവദിക്കുന്നതിനോ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനോ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

<u>ശ്രീ. കെ. ജെ. മാക്സി:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സമസ്തമേഖലകളിലും വികസനമെത്തിക്കുകയെന്ന ലക്ഷ്യത്തോടെ ജനക്ഷേമകരമായ ബഡ്ജറ്റ് അവതരിപ്പിച്ച സർക്കാർ അഭിനന്ദനമർഹിക്കുന്നു. പ്രളയം, നിപ, ഓഖി, കോവിഡ് പ്രതിസന്ധികൾ നേരിട്ടതിലും ക്രമസമാധാന പരിപാലനത്തിലും ലോകശ്രദ്ധയാകർഷിക്കാൻ ഗവൺമെന്റിന് സാധിച്ചു. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ചതും 30 ശതമാനം ആളുകൾക്ക് പുതിയതായി പെൻഷൻ നൽകിയതും ലൈഫ് മിഷൻ പദ്ധതിയിൽ 1.50 ലക്ഷം വീടുകൾ നിർമ്മിക്കാൻ 6000 കോടി രൂപ വകയിരുത്തിയതും വിവിധ തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയതും ആലപ്പുഴ ബൈപ്പാസും വൈറ്റില-കുണ്ടന്നൂർ മേൽപ്പാലങ്ങൾ ഗതാഗതയോഗ്യമാക്കിയതും ഗവൺമെന്റിന്റെ നേട്ടങ്ങളാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. പ്രളയവും കോവിഡുംമൂലമുണ്ടായ പ്രതിസന്ധിഘട്ടത്തിലും സമഗ്രമായ ക്ഷേമപ്രവർത്തനങ്ങളാണ് സർക്കാർ നടത്തിയത്. ക്ഷേമപെൻഷനുകൾ 1600 രൂപയായി വർദ്ധിപ്പിച്ചതും സൗജന്യ ഭക്ഷ്യകിറ്റുകൾ നൽകിയതും എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചതും ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ചുനൽകിയതും ഗവൺമെന്റിന്റെ നേട്ടങ്ങളാണ്.

<u>ശ്രീ. ഒ. ആർ. കേളു</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. മാതൃകാപരമായ ജനക്ഷേമപദ്ധതികളും പ്രവർത്തനങ്ങളും നടത്തുന്ന ഗവൺമെന്റ് നടപടി അഭിനന്ദനാർഹമാണ്. പെൻഷൻ കുടിശ്ശികയില്ലാതെ വിതരണം ചെയ്തതും പ്രളയകാലത്ത് ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകിയതും കോവിഡ് മഹാമാരിയുടെ ഭാഗമായി എ.പി.എൽ./ബി.പി.എൽ വ്യത്യാസമില്ലാതെ സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം ചെയ്തതും ജനകീയ ഹോട്ടൽ ആരംഭിച്ചതും കിഫ്ബിയിലൂടെ പാലങ്ങളും റോഡുകളും നിർമ്മിച്ചതും റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നവകേരളം സൃഷ്ടിക്കാനുള്ള നടപടികളും ശ്ലാഘനീയമാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. റബ്ബറിന് തറവില നിശ്ചയിച്ചതും നെല്ലിന്റെയും നാളികേരത്തിന്റെയും സംഭരണവില വർദ്ധിപ്പിച്ചതും കാർഷിക മേഖലയ്ക്ക് ഉണർവ് നൽകുന്നതാണ്. സമൂഹത്തിന് ആശ്വാസകരമായ ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കിയതും ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകൾ മെച്ചപ്പെടുത്തിയതും ഡൽഹിയിലെ കർഷക സമരത്തിന് പിന്തുണ പ്രഖ്യാപിച്ചതും അഭിനന്ദനാർഹമാണ്. കർഷകരുടെ വിവരശേഖരണം നടത്തുന്നതിനും ഏലംകൃഷി ഉപേക്ഷിച്ച് മറ്റ് കൃഷികൾ ചെയ്യുന്ന കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനും കുരുമുളകിന് തറവില നിശ്ചയിക്കുന്നതിനും തയ്യാറാകണം. അനാഥാലയങ്ങൾക്ക് പെർമിറ്റ് പ്രകാരമുള്ള ഭക്ഷ്യസാധനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും കന്യാസ്ത്രീ മഠങ്ങളെ റേഷൻ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. അങ്കണവാടി ജീവനക്കാരുടെയും ആശാ വർക്കർമാരുടെയും വേതനം വർദ്ധിപ്പിച്ചതും തൊഴിലുറപ്പ് ജീവനക്കാർക്ക് ക്ഷേമനിധി ആരംഭിക്കാനുള്ള പ്രഖ്യാപനവും സ്വാഗതാർഹമാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: കന്യാസ്ത്രീ മഠങ്ങളെ റേഷൻ സംവിധാനത്തിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വാഗതാർഹമാണ്. വൈദികർ, പൂജാരിമാർ, ഉസ്താദുമാർ തുടങ്ങിയവരെക്കൂടി റേഷൻ സംവിധാനത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ കടബാധ്യത പരിഹരിക്കുന്നത് സംബന്ധിച്ച് വ്യക്തമാക്കണം.

<u>ശ്രീ. ഐ. ബി. സതീഷ്</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. പ്രതിസന്ധികളെ അതിജീവിച്ച് നിശ്ചയദാർഢ്യത്തോടുകൂടി മുന്നോട്ടുപോകുന്ന സർക്കാരിന് നവകേരളം യഥാർത്ഥ്യമാക്കാൻ സാധിക്കും.

<u>ശ്രീ. ഇ. കെ. വിജയൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ സജ്ജീകരിച്ചതും സൗജന്യ ചികിത്സയും ഭക്ഷണവും നൽകിയതും കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിച്ചതും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തതും സമാനതകളില്ലാത്ത പ്രവർത്തനങ്ങളാണ്. പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കിയതും ആരോഗ്യ കേന്ദ്രങ്ങളെ ലോകത്തിന് മാതൃകയാക്കിയതും ശ്ലാഘനീയമാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. നികുതിപ്പണം ഉപയോഗിച്ച് ഭക്ഷ്യകിറ്റ് വിതരണം നടത്തുകയും അത് സർക്കാരിന്റെ മേൻമയാണെന്ന് വരുത്തിതീർക്കുകയും ചെയ്യുന്നത് അപലപനീയമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു രൂപയ്ക്ക് ഒരു കിലോ അരി വിതരണം ചെയ്യാനും നിർദ്ധനരായ രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി യാതൊരു നിർമ്മാണപ്രവർത്തനങ്ങളും കുറ്റ്യാടി നിയോജകമണ്ഡലത്തിൽ നടത്തിയിട്ടില്ല. കുറ്റ്യാടി നാളികേര വികസന പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

<u>ശ്രീ. എം. രാജഗോപാലൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. വിജ്ഞാനാധിഷ്ഠിത സമൂഹശാക്തീകരണത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചതും സാമ്പത്തിക വളർച്ച, സാമൂഹ്യ ഉന്നമനം, പ്രകൃതി സംരക്ഷണം എന്നിവയ്ക്കുവേണ്ടി നൂതന നയങ്ങൾ രൂപീകരിച്ചതും ലൈഫ് ഭവന പദ്ധതി നടപ്പാക്കിയതും ശ്രദ്ധേയമാണ്. ഭക്ഷ്യകിറ്റ് വിതരണം നടത്തിയും ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചും പശ്ചാത്തല വികസനം സാധ്യമാക്കിയും വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ മുന്നേറ്റം സൃഷ്ടിച്ചും കൃഷിഭൂമിയുടെ വിസ്തൃതിയിലും

ഉത്പാദക മേഖലയിലും വളർച്ച കൈവരിച്ചും മുന്നോട്ടുപോകാൻ കഴിഞ്ഞത് സർക്കാരിന്റെ നേട്ടമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ബജറ്റിൽ പ്രഖ്യാപിച്ച പല സാമ്പത്തിക പാക്കേജുകളും നടപ്പാക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ പൊതുവളർച്ചാ നിരക്കും വ്യവസായ വളർച്ചാ നിരക്കും കുറഞ്ഞിരിക്കുകയാണ്. അടൂർ എ.ആർ. ക്യാമ്പ് പോലീസ് ക്യാന്റീനിലെ അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ഡി.ഐ.ജി. അയച്ച കത്തിന്മേൽ യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുകളൊന്നും ആരംഭിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട പരിധിക്കുള്ളിൽ നിന്നുകൊണ്ട് കടമെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തുകയെന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. പെൻഷൻ വാങ്ങുന്ന വിധവകൾക്ക് മസ്റ്ററിംഗ് ബാധകമല്ല. ഏഴുവർഷത്തിലധികമായി ഉപേക്ഷിക്കപ്പെട്ടതും അമ്പത് വയസ്സ് പൂർത്തിയായതുമായ സ്ത്രീകൾക്ക് ഇതരമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സാമൂഹ്യ

സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് ഉത്തരവിറക്കിയിട്ടുണ്ട്. കിഫ്ബി വഴിയുള്ള നാൽപ്പതിനായിരം കോടി രൂപയുടെ പ്രോജക്ടുകളിൽ ഇരുപതിനായിരം കോടി രൂപയുടെ പ്രോജക്ടുകൾക്കാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. കാലഹരണപ്പെട്ട വ്യവസായങ്ങൾക്കുപകരം പുതിയ വിജ്ഞാന വ്യവസായങ്ങളിലേയ്ക്ക് മാറാൻ കർമ്മപദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സമൂഹനന്മ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന വികസനപ്രവർത്തനങ്ങൾക്കെതിരെ പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി 7100 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 3000-ത്തിൽപ്പരം കോടി രൂപയുടെ പ്രവൃത്തികൾക്ക് ടെണ്ടർ നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1000 കോടി രൂപയുടെ ഗ്രാമീണറോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് കേന്ദ്രീകൃത സർവ്വേ നടത്തി പ്രത്യേക പാക്കേജ് തയ്യാറാക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയം ശബ്ദവോട്ടോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ രാത്രി 10.09-ന് പിരിഞ്ഞു.)

* * * * *